(ബി) എങ്കിൽ ഇതിനാവശ്യമായ വനഭൂമി വിട്ടുകൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി തുടങ്ങാനാവശ്യമായ ഭൂമി വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി). വാമനപുരം പദ്ധതിക്ക് വനഭൂമി വിട്ടുകൊടുക്കുന്നതിന് വനസംരക്ഷണ നിയമത്തിന്റെ വെളിച്ചത്തിൽ കേന്ദ്രസർക്കാരിന്റെ അനുവാദം വാങ്ങേണ്ടതുണ്ട്. അപ്രകാരം അനുവാദം വാങ്ങാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

അഗളി, ഷോളയൂർ, പുതൂർ എന്നീ പഞ്ചായത്തുകളിലെ നിക്ഷിപ്ത വനഭൂമി

704 [710] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അഗളി, ഷോളയൂർ, പുതൂർ എന്നീ പഞ്ചായത്തുകളിലായി എത്ര ഏക്കർ നിക്ഷിപ്തവനഭൂമി ഉണ്ട്;

(ബി) ഈ വനഭൂമിക്ക് അതിർത്തി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഈ വനഭൂമിയിൽ 1—1—1977—ന് മുൻപുള്ള എത്ര കയ്യേറ്റക്കാർ ഉണ്ട്?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ അഗളി, ഷോളയൂർ, പുതൂർ എന്നീ പഞ്ചായത്തുകളിലായി 32771.7353 ഹെക്ടർ നിക്ഷിപ്ത വനഭൂമി ഉണ്ട്.

(ബി) ഉണ്ട്.

(സി) ഈ വനഭൂമിയിൽ 1—1—1977—ന് മുൻപ് ചില കയ്യേറ്റങ്ങൾ നടന്നതായി അറിയാം. എത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ഇവയെ സംബന്ധിച്ച് ചില കേസുകൾ കോടതിയിൽ നിലവിലുണ്ട്.

തണ്ണിത്തോട് പഞ്ചായത്തിലെ കൈവശക്കൃഷിക്കാരുടെ സമരം

705 [711] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണിത്തോട് പഞ്ചായത്തിലെ കൂത്താടിമൺ കൈവശകൃഷിക്കാരുടെ സമരം എന്നാണ് ആരംഭിച്ചത്:

(ബി) ഈ സമരവുമായി ബന്ധപ്പെട്ട് കൈവശക്കൃഷിക്കാരുടെ പേരിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് എത്ര കേസുകൾ എടുത്തിട്ടുണ്ട്; അവയിൽ ആകെ എത്ര പ്രതികൾ ഉണ്ട്;

(സി) സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ നിരപരാധികളായ പല കൃഷിക്കാരുടെയും മേൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൂത്താടിമണ്ണിൽ ഒഴിപ്പിക്കപ്പെട്ട കയ്യേറ്റക്കാരുടെ സമരം ആരംഭിച്ചത് 29–6–1985–ലാണ്.

(ബി) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ആറു കേസുകളും എടുത്തിട്ടുണ്ട്. അതിൽ 24 പ്രതികളും ഉണ്ട്

(സി) സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ നിരപരാധികളായ ആരുടെയും പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ചിന്നിനി പ്രദേശം വന്യമൃഗസംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കാൻ നടപടി

706 [712] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ചിന്നിനി പ്രദേശം വന്യമൃഗ സംരക്ഷണപ്രദേശമായി പ്രഖ്യാപിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

25–8–1984–ലെ ഗവൺമെന്റ് ഉത്തരവ് (അച്ചടിച്ചത്) നമ്പർ 259/84/എഡി. പ്രകാരം ചിന്നിനി പ്രദേശം വന്യമൃഗസംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്.

നെയ്യാർ ഡാമിലെ ചീങ്കണ്ണികൾ

707 [713] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർഡാം കേന്ദ്രമാക്കി സംരക്ഷിച്ചുവരുന്ന ചീങ്കണ്ണി വളർത്തൽ കേന്ദ്രത്തിലെ ചീങ്കണ്ണികളുടെ എണ്ണം അമിതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുവാനുള്ള സാദ്ധ്യതയെക്കുറിച്ച് ഗവൺമെന്റ് ആരാഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി എടുക്കുമോ?

ഉത്തരം

(എ) ചീങ്കണ്ണി വളർത്തൽ കേന്ദ്രത്തിലെ ചീങ്കണ്ണികളുടെ എണ്ണം അമിതമായി വർദ്ധിച്ചിട്ടില്ല. അവിടെ ഇപ്പോൾ ആകെ 79 ചീങ്കണ്ണികൾ മാത്രമേയുള്ളൂ. അതുകൊണ്ട് അവയെ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയക്കുവാനുള്ള സാദ്ധ്യതയെക്കുറിച്ച് ആരാഞ്ഞിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly